LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് താലൂക്ക് ഓഫീസിൽ നിലവിൽ 157 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകർക്ക് പട്ടയം നല്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലാണ്. ഈ വിവരം അപേക്ഷകരെ രേഖാമൂലം അറിയിക്കാറില്ല. അർഹരായ മുഴുവൻ അപേക്ഷകളിൽ ഭൂമി പതിവിനുള്ള വിശദമായ പ്രൊപ്പോസൽ വില്ലേജ് ഓഫീസർമാരിൽനിന്നും ലഭ്യമാക്കി അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപേക്ഷകൾ പരിഹരിക്കപ്പെടുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ലെന്നും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

വനാതിർത്തി ജില്ലകളിലെ പട്ടയ നടപടികൾ

161(3041) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവുമായി അതിർത്തി പങ്കിടുന്ന വിവിധ ജില്ലകളിൽ വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ പ്രദേശങ്ങളിലെ പട്ടയ നടപടികൾ പൂർത്തിയാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) വനവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ ഏതെല്ലാം പ്രദേശങ്ങളിൽ, കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ പട്ടയ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) രജിസ്റ്റർചെയ്തിട്ട് 100 വർഷത്തിലധികമായ ആധാരം മുഖേന ഭൂമി കൈവശം വച്ചിട്ടുള്ളതും നിലവിൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങൾ ഏതൊക്കെ ജില്ലയിൽ ഉണ്ടെന്ന് താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തികൾക്ക് പട്ടയം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കൊല്ലം ജില്ലയിലെ വനഭൂമിയുമായി ബന്ധപ്പെട്ട് ഒരു കേസിൽ കൊട്ടാരക്കര മുൻസിഫ് കോടതിയിൽ (ഒ.എസ്.524/92) കേസ് നില

നിൽക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിൽ കോടതി നിർദ്ദേശപ്രകാരമുള്ള അതിരുതിരിയ്ക്കൽ നടന്നുവരുന്നതിനാൽ പട്ടയ നടപടിക്ക് താമസം നേരിടുന്നുണ്ട്. കോട്ടയം ജില്ലയും പത്തനംതിട്ട ജില്ലയും ഉൾപ്പെടുന്ന ആലപ്ര, വലിയകാവ്, കരിക്കാട്ടൂർ റിസർവ് വനപ്രദേശങ്ങളിലെ ഭൂമിയുടെ അവകാശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എം.എസ്.എ.1/81 കേസുള്ളതിനാൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽ ഉൾപ്പെട്ട ആലപ്ര പ്രദേശത്തെ പട്ടയം നൽകുന്ന നടപടി തടസ്സപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 10 കേസുകളിൽ കോടതി വ്യവഹാരമുള്ളതിനാൽ തടസ്സം നേരിട്ട. വയനാട് ജില്ലയിലെ മേപ്പാടി റേഞ്ചിന്റെ പരിധിയിൽപ്പെടുന്നതും കോട്ടപ്പടി വില്ലേജിൽ വരുന്നതുമായ മേപ്പാടിക്കുന്ന് പ്രദേശത്തെ സുമാർ 2 ഏക്കർ സ്ഥലത്ത് കോടതി കേസുള്ളതിനാൽ സംയുക്ത പരിശോധന പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വില്ലേജാഫീസ് കെട്ടിടങ്ങൾ

162(3042) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് സ്വന്തമായി എത്ര വില്ലേജാഫീസ് കെട്ടിടങ്ങൾ ഉണ്ടെന്ന് പറയാമോ;

(ബി) ഇവയിൽ പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുള്ള എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഴയ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വില്ലേജാഫീസുകൾക്ക് എത്ര കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1468 കെട്ടിടങ്ങൾ.

(ബി) 180 കെട്ടിടങ്ങൾ.

(സി) ഫണ്ട് ലഭ്യതക്കനുസരിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 41 കെട്ടിടങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly